## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4345

**21.03.2018**-ൽ മറുപടിക്ക്

### പട്ടികജാതി-പട്ടികവർഗ്ഗ സംവരണം

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമാനുസൃത സംവരണത്തിനനുസരിച്ച് ഏതെല്ലാം തസ്തികകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർക്കായി നിയമനം നടക്കുന്നു എന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമാനുസൃത സംവരണത്തിനനുസരിച്ച് ഗസറ്റഡ്, നോൺ-ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ക്കായി നിയമനം നടന്നുവരുന്നു. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ സംവരണം പാലിക്കുവാൻ പി.എസ്.സി. നിയമനങ്ങളിലൂടെയും സ്പെഷ്യൽ റിക്രൂട്ട്മെന്റുകളിലൂടെയും കഴിയാറുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്യപ്പെട്ട എത്ര തസ്തികകൾ നിയമനം നടക്കാതെയുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഡിസംബർ 2017 വരെയുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് പ്രകാരം പട്ടികജാതി വിഭാഗത്തിൽ ആകെ 1120 ഒഴിവുകളിലും പട്ടികവർഗ്ഗ വിഭാഗത്തിൽ 1148 ഒഴിവുകളിലും ഇനി നിയമനം നടത്താൻ ബാക്കിയുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ തസ്തികകളിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് നിയമാനുസൃതമായി നിയമനം നൽകുന്നതിനും സംവരണം പാലിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | സർക്കാർ വകുപ്പുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി അവലോകനം ചെയ്യുകയും നിയമാനുസൃത പ്രാതിനിധ്യം ഇല്ലാത്ത വകുപ്പുകളിൽ കുറവുള്ള ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് തസ്തികകൾ കണ്ടെത്തി പ്രത്യേക നിയമനത്തിനായി റിസർവ്വ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും, ഇത്തരത്തിൽ ഓരോ വകുപ്പിലും റിസർവ്വ് ചെയ്ത് നൽകിയ തസ്തികകളിലെ നിയമനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്യാറുണ്ട്. കേരള സർക്കാരിന് കീഴിലുള്ള 81 വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടി ഒരു ഉന്നതതല സമിതി നിലവിലുണ്ട്. വകുപ്പദ്ധ്യക്ഷൻമാരെക്കൂടി പങ്കെടുപ്പിച്ച് പ്രസ്തുത ഉന്നതതല സമിതി സമയബന്ധിതമായി യോഗങ്ങൾ ചേരുകയും വിവിധ വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യാതെ കിടക്കുന്ന ഒഴിവുകൾ ഉണ്ടെങ്കിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട വകുപ്പ് |

| | | | |
|---|---|---|---|
| | | | മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പൊതുഭരണ വകുപ്പിലേയും, പി.എസ്.സി.-യിലേയും ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിരുന്നു. കൂടാതെ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സെക്രട്ടറിമാരെയും വകുപ്പ് അദ്ധ്യക്ഷൻമാരെയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗം ചേരുകയും നിയമാനുസൃതമായ പ്രാതിനിധ്യം ഉറപ്പാക്കാനായി നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ തസ്തികകളിലേക്ക് പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി അവരുടെ വിദ്യാഭ്യാസ യോഗ്യത തിരിച്ച് ഒരു ഡേറ്റാ ബാങ്ക് പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കി വകുപ്പദ്ധ്യക്ഷൻ മാർക്ക് നൽകിയിട്ടുണ്ട്. നേരിട്ടുള്ള നിയമനങ്ങളിൽ അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥി കളെ ലഭിക്കാതെ വരുമ്പോൾ എൻ.സി.എ. സെലക്ഷൻ മുഖേനയും, സ്പെഷ്യൽ റിക്രൂട്ട്മെന്റ് ചട്ടപ്രകാരം |

| | | | |
|---|---|---|---|
| | | | യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുമ്പോൾ വീണ്ടും വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിച്ചുകൊണ്ടും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**